## പതിമൂന്നാം കേരള നിയമസഭ
## 12-ാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3932** — **15/12/2014 ൽ മറുപടിയ്ക്ക്**

### പ്ലാസ്റ്റിക്ക് കവറുകളും ഗ്ലാസ്സുകളും സ്റ്റീറോഫോം പ്ലേറ്റുകളും ഉപയോഗിക്കുന്നതിനെതിരെ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.എ ബേബി** | **തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**വനവും പരിസ്ഥിതിയും**<br>**ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി.** |
| (എ) വ്യാപാര സ്ഥാപനങ്ങളിൽ, പ്രത്യേകിച്ചും വസ്ത്രാലയങ്ങളിൽ, തുണിത്തരങ്ങൾ വാങ്ങുമ്പോൾ അവ പ്ലാസ്റ്റിക്ക് കവറുകളിൽ നൽകുന്നതിനു പകരം തുണിസഞ്ചികളിൽ നൽകുന്നതിനാവശ്യമായ ബോധവത്ക്കരണവും നിയമ നിർമ്മാണവും നടത്തുമോ; | (എ) സംസ്ഥാനത്ത് 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ആണ് നിരോധിച്ചിട്ടുള്ളത്. നിരോധിച്ചിട്ടുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുന്നില്ല എന്നുറപ്പാക്കാനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ടു വരുന്നു. കൂടാതെ പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരമായി തുണി, ചണം മറ്റ് ജൈവ ഉൽപന്നങ്ങൾ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന സഞ്ചികളും അനുബന്ധ സാധനങ്ങളും നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനം കുടുംബശ്രീ വഴി നൽകിവരുന്നുണ്ട്. പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് വ്യാപകമായ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സംസ്ഥാന തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തലത്തിലും കൈക്കൊണ്ടു വരുന്നു. മാധ്യമങ്ങൾ വഴിയുള്ള പ്രചരണത്തിനുമുള്ള നടപടികളും എടുത്തിട്ടുണ്ട്. |
| (ബി) ആഘോഷവേളകളിലും മറ്റ് ചടങ്ങുകളിലും പ്ലാസ്റ്റിക്കും, സ്റ്റീറോഫോം പ്ലേറ്റുകളും, പ്ലാസ്റ്റിക്ക് ഗ്ലാസ്സുകളും ഉപയോഗിക്കുന്നതിനെതിരെ ബോധവത്ക്കരണവും മാദ്ധ്യമങ്ങൾ വഴി പ്രചരണവും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) പ്ലാസ്റ്റിക്ക് കവറുകൾ, പ്ലേറ്റുകൾ,ഗ്ലാസുകൾ തുടങ്ങിയവയുടെ ഉപയോഗം കുറയ്ക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. പ്ലാസ്റ്റിക് കവറുകളുടെ കാര്യത്തിൽ കവറുകളുടെ വില നിശ്ചയിച്ച് വിജ്ഞാപനം ചെയ്യാനും അധികവിലയായി ഈടാക്കുന്ന തുക സംഭരിച്ച് Waste Management Fund ഉണ്ടാക്കാനും കേരള പഞ്ചായത്ത് നിയമഭേദഗതിപ്രകാരവും കേരള മുനിസിപ്പൽ ഭേദഗതി നിയമപ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സൗജന്യമായി കവറുകൾ നൽകുന്നത് ഒഴിവാക്കാനും കട്ടി |

കുറഞ്ഞ കവറുകൾ വിൽക്കുന്നത് തടയാനുമാണ് ഇത് ലക്ഷ്യമിടുന്നത്. പ്ലാസ്റ്റിക് കപ്പ്, പ്ലേറ്റ് എന്നിവയ്ക്ക് പകരമായി കുടുംബശ്രീ യൂണിറ്റ് വഴി കളിമണ്ണ്, സ്റ്റീൽ പാത്രങ്ങൾ തുടങ്ങിയവ വാടകയ്ക്ക് നൽകുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകാനും നടപടി എടുത്തുവരുന്നു.

(സി) ബയോഡീഗ്രഡബിൾ അല്ലാത്ത ഫ്ലക്സ്, സ്റ്റീറോഫോം, പ്ലാസ്റ്റിക്ക് കവറുകൾ, പ്ലാസ്റ്റിക്ക് ഗ്ലാസ്സുകൾ, തെർമ്മോക്കോൾ തുടങ്ങിയവയ്ക്ക് ഉയർന്ന നികുതി ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

(സി) പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾക്ക് പകരം പേപ്പർ ബാഗുകൾ, ചണബാഗുകൾ, കയർ ബാഗുകൾ തുടങ്ങിയ പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുകയും അപ്രകാരം പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി കുറച്ചു കൊണ്ടു വരുവാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**